**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3251** **15-02-2024 - ൽ മറുപടിയ്ക്ക്**

**വാടാനപ്പള്ളി പഞ്ചായത്ത് പരിധിയിലെ സർവ്വീസ് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ 7, 9, 10, 11, 12 എന്നീ വാർഡുകളിലൂടെ കടന്ന് പോകുന്ന എൻ.എച്ച് 66-ന്റെ ഇരുവശത്തുമുള്ളവർക്ക് സഞ്ചരിക്കുന്നതിനോ പഞ്ചായത്ത് റോഡിലേക്ക് പ്രവേശിക്കുന്നതിനോ സർവ്വീസ് റോഡില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ 7, 9, 10, 11, 12 എന്നീ വാർഡുകളിലൂടെ കടന്ന് പോകുന്ന ദേശീയപാത 66 ന്റെ താഴെപറയുന്ന ചെയിനേജുകളിൽ ഇരുഭാഗത്തും സർവീസ് റോഡുകൾ സംബന്ധിച്ച് ദേശീയപാത അതോറിറ്റി നൽകിയ മറുപടി താഴെ കൊടുക്കുന്നു.<br><br>1) ചെയിനേജ് 360+940 മുതൽ 361+700 വരെ 760 m<br><br>11) ചെയിനേജ് 363+780 മുതൽ 365+060 വരെ 1280 m<br><br>111) ചെയിനേജ് 366+210മുതൽ 366+982 വരെ 772 m സർവീസ് റോഡ് നിലവിൽ ഉണ്ട്.<br><br>ചെയിനേജ് 361+700 മുതൽ 363+780 വരെ 2080 മീറ്റർ ദൂരത്തിലും ചെയിനേജ് 365+060 മുതൽ 366+210 വരെ 1150 മീറ്റർ ദൂരത്തിലും ഇരുവശത്തേക്കുമുള്ള 2 വരിപ്പാതയായി സർവീസ് റോഡ് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ സാങ്കേതികമായി നിർമ്മാണം സാധ്യമല്ല എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | ഏങ്ങണ്ടിയൂരിലെയും വാടാനപ്പള്ളിയിലെയും ജനങ്ങൾ ഉപയോഗിച്ച് വരുന്ന പി.ഡബ്യു.ഡി. റോഡായ ഈസ്റ്റ് ടിപ്പു സുൽത്താൻ റോഡ് 350 മുതൽ 650 വരെ ചെയിൻ നമ്പരിൽ ബൈപ്പാസ് കടന്ന് പോകുന്നിടത്ത് അടിപ്പാതയോ മൈനർ ജംഗ്ഷനോ അനുവദിക്കുക വാടാനപ്പള്ളി പഞ്ചായത്തിലെ ഉപ്പപടന്ന റോഡ്, ശാരദ ഫാർമസി റോഡ്, മേപ്പങ്ങാട് അമ്പലം റോഡ്, കൈത കായൽ റോഡ് തുടങ്ങിയ റോഡുകൾക്ക് സർവ്വീസ് റോഡ് അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് | (ബി) | സർവീസ് റോഡുകൾ കൂടാതെ ദേശീയപാത മുറിച്ച് കടക്കുന്നതിന് ഒരു ഫ്ലൈഓവർ, 2 വെഹിക്കുലാർ അണ്ടർ പാസുകൾ, 1 Small Vehicular Underpass, 26 ബോക്സ് കൾവർട്ടുകൾ എന്നിവ ഈ ഭാഗത്ത് നൽകിയിട്ടുണ്ട് എന്നാണ് NHAI നൽകിയ മറുപടി. കൂടാതെ ചെയിനേജ് 365+150 (പുളിയംതുരുത്ത് ക്രോസ് റോഡ്), 365+820 (തളിക്കുളം - പുലമ്പുഴക്കടവ് ക്രോസ് റോഡ്) എന്നീ ഭാഗങ്ങളിൽ അധികമായി SVUP (Small Vehicular Under Pass) അനുവദിച്ചിട്ടുള്ളതിനാൽ ടിപ്പുസുൽത്താൻ |

| | | | |
|---|---|---|---|
| | വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | റോഡിലേക്ക് തടസ്സമില്ലാതെ സഞ്ചരിക്കാൻ സാധിക്കും. അതിനാൽ സർവീസ് റോഡ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനങ്ങളിൽ മറ്റ് നടപടികൾ സ്വീകരിക്കേണ്ടി വരുന്നില്ല എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |
| (ഡി) | വാടാനപ്പള്ളി പഞ്ചായത്ത് പരിധിയിലെ മേൽപ്പറഞ്ഞ റോഡുകൾക്ക് സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് അടിയന്തര നടപടി എടുക്കുമോ; വിശദാംശം നൽകാമോ? | (ഡി) | (ബി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ